REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യം ഇന്ന് 76-ാം ഭരണഘടനാ ദിനം ആഘോഷിക്കുന്നു.**
- **സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി.**
- **ഇന്ന് ദേശീയ ക്ഷീരദിനം.**
- **ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം ഒരു കോടി ഏഴ് ലക്ഷത്തോളമായി.**
- **ഇന്ത്യയിലെ 38 ആഭ്യന്തര പുരുഷ ട്വന്റി 20 ടീമുകൾ പങ്കെടുക്കുന്ന സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണ്ണമെന്റിന് ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

രാജ്യം ഇന്ന് 76-ാം ഭരണഘടനാ ദിനം ആഘോഷിക്കുന്നു. ഹമാരാ സംവിധാൻ - ഹമാരാ സ്വാഭിമാൻ എന്നതാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം. പഴയ പാർലമെന്റ് ഹൗസിന്റെ സെൻട്രൽ ഹാളിലെ പ്രധാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ സ്പീക്കർ ഓംബിർള, കേന്ദ്രമന്ത്രിമാർ, പാർലമെന്റിന്റെ ഇരു സഭയിലേയും അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ഭരണഘടനയുടെ ആമുഖം വായിക്കുന്ന ചടങ്ങിന് നേതൃത്വം നൽകും.

മലയാളം അടക്കം ഒമ്പത് ഭാഷകളിൽ തയ്യാറാക്കിയ ഭരണഘടന പരിപാടിയിൽ പ്രകാശനം ചെയ്യും. സ്മരണിക ലഘുപുസ്തകവും ഇതോടൊപ്പം പ്രകാശനം ചെയ്യും.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്........

ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി രാജ്യവ്യാപകമായി ലക്ഷക്കണക്കിന് ആളുകൾ ഭരണഘടനയുടെ ആമുഖം വായിക്കും. കേന്ദ്രമന്ത്രാലായങ്ങളിലും വകുപ്പുകളിലും സംസ്ഥാന തലസ്ഥാനങ്ങളിലും തദ്ദേശ സ്ഥാപനങ്ങളിലും വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

1949 നവംബർ 26-നാണ് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത്. രണ്ട് വർഷവും 11 മാസവും 17 ദിവസവും നീണ്ട അക്ഷീണ പരിശ്രമംകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയത്. ഡോ. BR അംബേദ്കറുടെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റിയാണ് ഭരണഘടന തയ്യാറാക്കിയത്. 1950 ജനുവരി 26ന് പാർലമെന്റ് ഭരണഘടനയ്ക്ക് അംഗീകാരം നൽകി. 2015ൽ ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറുടെ 125-ാം ജന്മവാർഷികാഘോഷ വേളയിലാണ് നവംബർ 26 ഭരണഘടനാ ദിനമായി ആഘോഷിക്കുന്ന തീരുമാനം കേന്ദ്രഗവൺമെന്റ് കൈക്കൊണ്ടത്. അതുവരെ ദേശീയ നിയമദിനം എന്ന പേരിലായിരുന്നു നവംബർ 26 ആചരിച്ചിരുന്നത്.

✪✪✪

ഹൈദരാബാദിലെ GMR എയ്റോസ്പേസ് ആൻഡ് ഇൻഡസ്ട്രിയൽ പാർക്കിൽ, സഫ്രാൻ എയർക്രാഫ്റ്റ് എഞ്ചിൻ സർവീസസ് ഇന്ത്യ കേന്ദ്രം, പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ഉദ്ഘാടനം ചെയ്യും. വിഡിയോ കോൺഫറൻസിംഗിലൂടെയാണ് ഉദ്ഘാടനം. വ്യോമയാന മേഖലയിലെ ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യത്തിലേക്ക് വലിയ ചുവടുവയ്പ്പായിരിക്കും MRO സൗകര്യം.

✪✪✪

കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച നാല് ലേബർ കോഡുകളും തൊഴിലാളികളെ സാമൂഹികമായി ഉൾക്കൊള്ളാനും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കാനും തൊഴിൽ ഔപചാരികമാക്കാനും വലിയ ചുവടുവെപ്പാണെന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ, ഡയറക്ടർ ജനറൽ, അജയ് സാഹി പറഞ്ഞു.

അതിനിടെ ലേബർ കോഡിനെതിരെ വിവിധ ട്രേഡ് യൂണിയനുകൾ ഇന്ന് രാജ്യവ്യാപകമായി പ്രതിഷേധങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണെന്നും ചൈന അംഗീകരിച്ചില്ലെങ്കിലും ആ യാഥാർത്ഥ്യം ഇല്ലാതാക്കാൻ ആർക്കും കഴിയില്ലെന്നും വിദേശ കാര്യമന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. ചൈനയുടെ ഷാൻഹായ് വിമാനത്താവളത്തിൽ ജപ്പാനിൽ നിന്ന് അരുണാചലിലേക്ക് പോവുകയായിരുന്ന ഇന്ത്യൻ പൗരയെ തടഞ്ഞുവെച്ച വിഷയം ഇന്ത്യ ശക്തമായി ചൈനയോട് ഉന്നയിച്ചിട്ടുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. നടപടിയിൽ ഒരു ന്യായവാദവും ഉന്നയിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ലെന്നും ജയ്സ്വാൾ അറിയിച്ചു.

ചൈനീസ് നടപടി നിരവധി അന്താരാഷ്ട്ര ധാരണകളുടെ ലംഘനമാണെന്നും രൺധീർ ജയ്സ്വാൾ പറഞ്ഞു.

✪✪✪

നവംബർ-26 മുംബൈ ഭീകരാക്രമണത്തിന്റെ 17-ാം വാർഷികത്തിന്റെ ഭാഗമായി ദേശീയ സുരക്ഷാ ഗാർഡ് ഗേറ്റ് വേ ഓഫ് ഇന്ത്യയിൽ പ്രത്യേക ചടങ്ങ് സംഘടിപ്പിക്കും. ഇത്തരം സംഭവങ്ങളുടെ ആവർത്തനം എന്തുവിലകൊടുത്തും തടയുമെന്ന തീരുമാനത്തിലെ പ്രതിബദ്ധത വ്യക്തമാക്കാനാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഭീകരാക്രമണത്തിൽ ജീവത്യാഗം ചെയ്ത ധീര സേനാനികളുടെ ചിത്രങ്ങളും പേരുകളും ആലേഖനം ചെയ്ത സ്മരണ മണ്ഡപത്തിൽ പുഷ്പാർച്ചനയും മെഴുകുതിരി തെളിയിക്കലും ഇതിന്റെ ഭാഗമായി നടത്തും. പ്രതീകാത്മകമായി മുംബൈയിലെ 11 കോളജുകളിലേയും 26 സ്കൂളുകളിലേയും വിദ്യാർത്ഥികൾ പങ്കെടുക്കുന്ന പ്രതിജ്ഞാചടങ്ങ് ഒരുക്കിയിട്ടുണ്ട്. 'ഇനി ഒരിക്കലും' എന്ന പ്രമേയത്തോടെയാണ് ചടങ്ങ്.

✪✪✪

ദേശീയ ക്ഷീര ദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ ദേശീയ ഗോപാൽ രത്ന അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. പാലുല്പാദന മേഖലയെ ശക്തിപ്പെടുത്തുന്ന സംരംഭങ്ങളും മികച്ച ഉത്പാദനശേഷിയോട് കൂടിയ കന്നുകാലി ഫാമുകളും ചടങ്ങിൽ ഉദ്ഘാടനം ചെയ്യും. മിൽക്ക് ഫെഡറേഷൻ മൊഹാലി യൂണിറ്റിന്റെ പാൽ ടാങ്കറുകളും കേന്ദ്രമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

സംസ്ഥാന തദ്ദേശ തെരഞ്ഞെടുപ്പിൽ 75,632 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഇവരിൽ 39,604 പേർ സ്ത്രീകളും 36,027 പേർ പുരുഷന്മാരും ഒരാൾ ട്രാൻസ്ജെൻഡറുമാണ്. 8,378 പേർ മത്സരിക്കുന്ന മലപ്പുറമാണ് സ്ഥാനാർത്ഥികളുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്ത്. ഏറ്റവും കുറവ് വയനാട് ജില്ലയിൽ.1967 ആണ് വയനാട്ടിലെ സ്ഥാനാർത്ഥികളുടെ എണ്ണം. തിരുവനന്തപുരത്താണ് തെരഞ്ഞെടുപ്പിലെ ഏക ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥി മത്സരിക്കുന്നത്.

ഔദ്യോഗിക തലത്തിലും തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കുടുതൽ വിവരങ്ങൾ

......വോയ്സ്........

പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലനം ഇന്നലെ ആരംഭിച്ചു. 28 വരെ വിവിധ ബാച്ചുകളിലായാണ് പരിശീലനം. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് വിതരണം ഇന്ന് ആരംഭിക്കും.

തദ്ദേശ തെരഞ്ഞെടുപ്പിൽ ഭാഷാ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന മണ്ഡലങ്ങളിലെ ബാലറ്റ് പേപ്പറിലും വോട്ടിംഗ് മെഷിനുകളിലും ഇതര ഭാഷകളിലും പേരും വിവരങ്ങളും ഉൾപ്പെടുത്തും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് ജില്ലകളിലാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. തമിഴ്, കന്നഡ, ഭാഷകളിലാണ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

കോഴിക്കോട് ജില്ലയിൽ തദ്ദേശ തിരഞ്ഞെടുപ്പിന് ഹരിതചട്ടം കർശനമാക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പരിശോധന തുടരുന്നു. വൻകിട പ്രിന്റിങ് മെറ്റീരിയൽ വില്പനശാലകളിലെ പരിശോധനയിൽ ഇന്നലെ 550 കിലോ നിരോധിത ഫ്ലക്സ് ഉൽപന്നങ്ങൾ പിടിച്ചെടുത്തു. കോർപ്പറേഷൻ പരിധിയിലെ രണ്ട് ദിവസത്തെ പരിശോധനയിൽ പിടിച്ചെടുത്തത് ഒരു ടണ്ണിലേറെ നിരോധിത ഫ്ലക്സാണ്.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം ഒരു കോടി ഏഴ് ലക്ഷത്തോളം എത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 38.45% ആണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം രണ്ട് ലക്ഷത്തി 81,608 ആയി ഉയർന്നു.

ഫോമുകൾ സ്വീകരിക്കാനും അപ്‌ലോഡ് ചെയ്യാനും കൂടുതൽ ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും, ക്യാമ്പുകൾ കേന്ദ്രീകരിച്ച് ഇന്നും പ്രവർത്തങ്ങൾ തുടരുമെന്നും ഡോ. കേൽക്കർ അറിയിച്ചു.

✪✪✪

സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർഥികൾ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളുടെ ഭാഗമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ പറഞ്ഞു. വിദ്യാർഥികൾക്ക് തിരഞ്ഞെടുപ്പ് സംവിധാനത്തിന്റെ ഭാഗമാവാൻ ഈ ക്ലബ്ബുകൾ വേദിയാകുമെന്ന് അദ്ദേഹം അറിയിച്ചു. തിരഞ്ഞെടുപ്പ് അവകാശങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവത്കരിക്കാനും, വോട്ടർ രജിസ്ട്രേഷൻ, വോട്ടിംഗ് തുടങ്ങിയ പ്രക്രിയകൾ പരിചയപ്പെടുത്താനും ക്ലബ്ബുകൾ സഹായിക്കുമെന്നും അദ്ദേഹം വാർത്താകുറിപ്പിൽ അറിയിച്ചു.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായി ഇന്നുമുതൽ അടുത്ത മാസം ആറുവരെ ദേശീയതലത്തിൽ പദയാത്ര സംഘടിപ്പിക്കുമെന്ന് യുവജന-കായികമന്ത്രാലയം അറിയിച്ചു. സർദാർ@150 യൂണിറ്റി മാർച്ച് ഐക്യ രാഷ്ട്രത്തിന്റെ ഹൃദയമിടിപ്പാണെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.

ദേശീയ മാർച്ചിനോടനുബന്ധിച്ച് സംഘടിപ്പിച്ച 842 പദയാത്രകളിൽ പത്തുലക്ഷത്തിലധികം പേർ പങ്കെടുത്തതായും മൻസൂഖ് മാണ്ഡവ്യ അറിയിച്ചു. പട്ടേലിന്റെ പൂർവിക ഗ്രാമമായ കരംസാദിൽ നിന്നും ആരംഭിച്ച് 150 കിലോമീറ്റർ സഞ്ചരിച്ച് യാത്ര ഏകതാ പ്രതിമയ്ക്ക് സമീപം എത്തുമെന്ന് മൻസൂഖ് മാണ്ഡവ്യ അറിയിച്ചു.

✪✪✪

ഗോഹട്ടി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് രാവിലെ പുനരാരംഭിക്കും. ഇന്നലെ ഇന്ത്യക്ക് 27 റൺസ് എടുക്കുന്നതിനിടെ രണ്ട് വിക്കറ്റ് നഷ്ടമായി.

ദക്ഷിണാഫ്രിക്ക രണ്ടാം ഇന്നിംഗ്സിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 260 റൺസെടുത്തു. ജയിക്കാൻ ഇന്ത്യയ്ക്ക് 522 റൺസ് കൂടി വേണം.

✪✪✪

ഇന്ത്യയിലെ 38 ആഭ്യന്തര പുരുഷ ട്വന്റി 20 ടീമുകൾ പങ്കെടുക്കുന്ന സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ടൂർണ്ണമെന്റിന് ഇന്ന് തുടക്കമാകും. ഒരേ സമയം വിവിധ വേദികളിൽ മത്സരങ്ങൾ ആരംഭിക്കും. കേരളം ലക്നൗവിൽ ഒഡീഷയെ നേരിടും. ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം. സഞ്ജു സാംസണാണ് കേരള ക്യാപ്റ്റൻ.

ഡിസംബർ 18ന് ഇൻഡോറിലാണ് ഫൈനൽ.

✪✪✪

തിരുവനന്തപുരം റവന്യു ജില്ലാ സ്കൂൾ കലോത്സവം ഡിസംബർ ഒന്നിന് ആരംഭിക്കും. അഞ്ചാം തിയതി വരെ നീളുന്ന കലോത്സവത്തിന്റെ പ്രധാനവേദി ആറ്റിങ്ങൽ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളാണ്.

✪✪✪

ആലപ്പുഴ മണ്ണഞ്ചേരി ഗവ. ഹൈസ്കൂളിലെ LP വിഭാഗത്തിൽ മുണ്ടിനീര് രോഗം സ്ഥിരീകരിച്ചതിനാൽ LP സെക്ഷന് ഇന്ന് മുതൽ 21 ദിവസം അവധി നൽകി. ഈ ദിവസങ്ങളിൽ ക്ലാസുകൾ ഓൺലൈനായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഏർപ്പെടുത്തണമെന്നും കലക്ടർ നിർദേശിച്ചു.

✪✪✪

നാവിക ദിനാഘോഷങ്ങളുടെ ഭാഗമായി, ഇന്ത്യൻ നാവികസേനാ ബാൻഡ്, ഇന്ന് തിരുവനന്തപുരത്ത് സംഗീത വിരുന്ന് സംഘടിപ്പിക്കും. നിശാഗന്ധി ഓഡിറ്റോറിയത്തിലെ പരിപാടിയിൽ സംസ്ഥാന ഗവൺമെന്റിൽ നിന്നും സായുധ സേനയിൽ നിന്നും നിരവധി പ്രമുഖർ പങ്കെടുക്കും. പ്രവേശനം സൗജന്യമായിരിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 30-ാം കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷന് മികച്ച പ്രതികരണം. ആദ്യ ദിവസമായ ഇന്നലെ മാത്രം 5,000-ത്തിലേറെ പേർ രജിസ്റ്റർ ചെയ്തു.

അടുത്തമാസം 12 മുതൽ 19 വരെയാണ് ചലച്ചിത്രമേള.

✪✪✪

വയനാട് തിരുനെല്ലിയിൽ 11 കാരിയെ ലൈംഗികാക്രമണത്തിന് ഇരയാക്കിയെന്ന പരാതിയിൽ മദ്രസ്സാ അധ്യാപകനെ അറസ്റ്റ് ചെയ്തു. കാരക്കാമല കാരാട്ടുകുന്ന് സ്വദേശി മുഹമ്മദ് ഷഫീഖിനെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*